# രസാവിഷ്കാരം ഇടശ്ശേരിക്കവിതയിൽ

ഡോ. പൂജപ്പുര കൃഷ്ണൻനായർ

ദൈനംദിനജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളെ കാവ്യവിഷയമാക്കിയ എഴുത്തുകാരനാണ് ഇടശ്ശേരി ഗോവിന്ദൻനായർ. നിസ്സാരമെന്നോ ഉൽക്കൃഷ്ടമെന്നോ ഭേദം അദ്ദേഹം വിഷയങ്ങളിൽ പുലർത്തിയിരുന്നില്ല. മററുള്ളവർ സാരഹീനമെന്നു വിഗണിക്കുന്ന കാര്യങ്ങളിൽപോലും വലുതായ നൈതികസമസ്യകൾ കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അതിനോടെല്ലാം സന്ധിയില്ലാത്ത സമരമായിരുന്നു ആ കാവ്യസപര്യ. സമകാലികരായ മററു പല കവികളെയും പോലെ ജീവിതയാഥാർഥ്യങ്ങളിൽനിന്ന് ഒളിച്ചോടി കാൽപ്പനികതയുടെ സുവർണമേഘങ്ങൾക്കിടയിൽ അഭയംതേടാൻ അദ്ദേഹം വെമ്പിയില്ല. പകരം പ്രശ്നങ്ങളുടെ പരുക്കൻ മണ്ണിലേക്ക് ഇറങ്ങിച്ചെന്നു മല്ലിടാനായിരുന്നു അദ്ദേഹത്തിനിഷ്ടം. വീരരസത്തിന്റെ സ്ഥായിഭാവമായ ഉത്സാഹം ആ മനസ്സിൽ എപ്പോഴും തുടികൊട്ടിയിരുന്നു. പ്രതികൂലസാഹചര്യങ്ങളുടെ മുന്നിൽ കീഴടങ്ങാതെ ഏററുമുട്ടി വിജയം വരിക്കാനുള്ള അഭിവാഞ്ഛയാണ് നാട്യശാസ്ത്രപ്രസിദ്ധമായ ഉത്സാഹമെന്ന സ്ഥായിഭാവം. ഇടശ്ശേരിക്കൃതികളിലെല്ലാം ഉത്സാഹത്തിളപ്പ് നിരന്തരം അലയടിച്ചുകൊണ്ടിരിക്കും. സഹൃദയനെയും സമാനമായ മാനസികാവസ്ഥയിലേക്കുയർത്തി വീരരസാസ്വാദനത്തിലെത്തിക്കുന്നതിലാണ് അതു ഫലിക്കുന്നത്.

ഇടശ്ശേരിയുടെ കാവ്യപ്രവണതകളെല്ലാം ഒരിടത്ത് അഭിവ്യക്തമാക്കുന്നത് കാണണമെന്നുള്ളവർ ആദ്യം വായിക്കേണ്ട കൃതിയാണ് ‘ഒരുപിടി നെല്ലിക്ക’. വീരരസാനുപ്രാണിതമായ ഈ ലഘുകവിത അദ്ദേഹത്തിന്റെ കൃതികൾക്കുള്ള ആമുഖമാണെന്നു പറഞ്ഞാലും തെററില്ല. അടിമത്തച്ചങ്ങല പൊട്ടിച്ചെറിയാൻ ഇന്ത്യ സഹിച്ച ത്യാഗങ്ങളും കൈവരിച്ച നേട്ടങ്ങളും എന്തെന്നുമനസ്സിലാക്കാതെ വർത്തമാനകാല സാഹചര്യങ്ങളിൽ അനിഷ്ടം കൂറുന്ന പുത്തൻതലമുറയോട് അനുഭവസമ്പന്നനായ ഒരു ധീര ദേശാഭിമാനിയുടെ പരുക്കൻ മൊഴികളാണത്. എതിർപ്പുകളുടെ മുന്നിൽ തല കുനിക്കാത്ത ധീരനെ നമുക്കതിൽ കാണാം. പ്രാതികൂല്യങ്ങളെ വെല്ലാൻ ദൃഢനിശ്ചയമാർന്ന ഉത്സാഹശാലിയായ വിജിഗീഷുവിനെ അതിൽ ദർശിക്കാം. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അഹിംസയുടെയും പടച്ചട്ടയണിഞ്ഞ പോരാളിയും അതിലുണ്ട്. കൃതഹസ്തനായ കവിയുടെ രചനാകുശലത അതിനെ ആദ്യന്തം തിളക്കുന്നു.

‘എന്തു നേടീ, യറിയില്ലെന്നിളം തലമുറ, പക്ഷേ,
എന്തു നഷ്ടപ്പെടാനുണ്ടെന്നറിഞ്ഞേ പററൂ.’

എന്നു പല്ലവിപോലെ ആവർത്തിക്കുന്ന ഈരടയിൽ ഉത്സാഹസ്ഥായിഭാവവും വീരരസവും സ്ഫുടമായിത്തന്നെ അഭിവ്യഞ്ജിക്കുന്നു. ഇനിയും ദൂരീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരുപററം വൈഷമ്യങ്ങളുടെ പേരിൽ കരഞ്ഞും ശപിച്ചും കാലം വ്യർഥമാക്കാതെ കഠിനാധ്വാനം ചെയ്തു മുന്നേറാൻ ഉത്സാഹിപ്പിക്കുന്ന ആഹ്വാനമാണിത്. ആറായിരം നാഴിക അകലെയുള്ള ഒരു ചെറു രാജ്യത്തിന് ഭാരതം അടിമയായിത്തീർന്നു എന്ന വസ്തുത മുന്നിലുണ്ട്. ദീർഘവീക്ഷണമില്ലായ്മയും സ്വാർഥതയും തമ്മിൽത്തല്ലുമാണ് അടിമത്തത്തിനു കാരണമെന്ന് കണ്ടെത്തൽ ആരുടെയും കണ്ണുതുറപ്പിക്കണം. ദീർഘനാളത്തെ അടിമത്തം നമ്മെ മൃഗപ്രായരാക്കിത്തീർത്തു. മൃഗത്വം വെടിഞ്ഞു ദേവത്വത്തിലേക്കുള്ള ഉയർച്ചയായിരുന്നു സ്വാതന്ത്ര്യലബ്ധി. എങ്കിലും ഇപ്പോൾ ഭാരതം ഒരു തിരിച്ചുപോക്കിനൊരുങ്ങുകയല്ലേ എന്നു ഭയക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം നേടിയ മാത്രയിൽത്തന്നെ അനൈക്യത്തിന്റെ പഴയപാത സജീവമാക്കി നാം ലോകത്തിനുമുന്നിൽ അപഹാസ്യരായി. ഉദാത്തമായ ദേശീയാദർശങ്ങൾ വെടിഞ്ഞ് സ്വാർഥതയുടെ കന്മതിലുകൾക്കുള്ളിൽ കുരുങ്ങി. അടിമത്തത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും യുഗങ്ങൾ കണ്ട തന്റെ പക്കൽ പുതിയ തലമുറയ്ക്കു പകരാൻ മാർഗദർശകമായ അനുഭവങ്ങൾ ഏറെയുണ്ടെന്നു കവി പറയുന്നു.

‘കാടും നാടും മുറിയാത്തോരിടം നേരം പകരുന്ന
കാലം, പൂവാൽ വാഗ്ദാനങ്ങൾ ചൊരിയും വൃക്ഷം
എൻ മടിയിൽപ്പോയനാളിൻ വളർകൊമ്പുകുലുക്കിയ
നെല്ലിക്കകൾ– ഇളയോരേ, വരുവിൻ ചുററും’

ഇടശ്ശേരിക്കവിതകളുടെ സ്ഥായിയായ അന്തരീക്ഷമാണിത്. സൂക്ഷ്മമായാലോചിച്ചാൽ അദ്ദേഹത്തിന്റെ ഓരോ കൃതിയും ഓരോ നെല്ലിക്കയാണ്. ഘനീഭൂതനൊമ്പരങ്ങൾ തളംകെട്ടിനിൽക്കുന്ന അനുഭവയാഥാർഥ്യങ്ങളാണ് അവയുടെ ഉറവിടം. അതു വാരിവിതറാനും അഹിംസാത്മകമായ

പരിണതിക്ക് മററുമാർഗങ്ങളെല്ലാമടഞ്ഞാൽ ബലപ്രയോഗത്തിലൂടെ തന്നെ, ആക്കംകൂട്ടാനുമുള്ള തീവ്രാഭിനിവേശമാണ് അവയുടെ താരസ്വരം. വീരരസം അവയുടെ ആത്മവായിത്തീർന്നതിനു കാരണവും വേറൊന്നല്ല.

വിശ്വചരിത്രത്തിലെ ഒരു അനന്വയമാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യസമരചരിത്രം. ധർമവീരത്തിന്റെ വിജയഗാഥയായിരുന്നു അത്. ത്യാഗസുരഭിലമായ ആ സമരചരിത്രത്തെക്കുറിച്ച് എത്ര പാടിയാലും ഇടശ്ശേരിക്കു മതിവരികയില്ല. ഘടനാപരമായി വീരരസാഭിമുഖ്യമുള്ള മനസ്സിനെ സംബന്ധിച്ചിടത്തോളം അതു സ്വാഭാവികം മാത്രം. സുഹൃജ്ജനമണ്ഡലഹർഷാരവം മുഴങ്ങുമ്പോൾ അടിമത്തച്ചങ്ങല പൊട്ടിച്ചെറിഞ്ഞ് വിദ്യുല്ലതയുടെ പ്രഭയോടെ ഭാരതാംബിക എണീററത് എങ്ങനെയെന്ന് തന്മൂലം അദ്ദേഹം ചോദിച്ചുപോകുന്നു. സ്വർലോകാവധി പാതാളവധിയുള്ള സമസ്തവിധാസ്ത്രങ്ങളും ചൂണ്ടിയാണ് മുഷ്കരനായ ആ കാട്ടാളൻ അംബികയെ കല്ലറയിലടച്ചത്. മഹിഷാസുര മർദ്ദിനിയെപ്പോലെ ശത്രുക്കളുടെ മലിനച്ചോര ചിന്താതെയും വിഷ്ണുമായപോലെ എതിരാളികളുടെ കണ്ണുപൊത്താതെയും ആരുടെയും കാലുപിടിക്കാതെയും സ്വാതന്ത്ര്യമെന്ന പരമലക്ഷ്യം ഇന്ത്യ നേടി. അഹിംസാത്മകമായ ആ കർമ പദ്ധതിയാണ് 'എങ്ങനെ നേടി' എന്ന കവിതയിലെ പ്രമേയം.

'പൊട്ടിയ തോക്കു പുണർന്നാളംബിക
വെട്ടിയ വാളിൽ ചുംബിച്ചാൾ
വിദ്രുത ദുർദ്ദമ ശക്തികളഖിലം
കുത്തിയൊലിക്കും കണ്ണോടെ
മാരിക്കാറെതിർ കാട്ടാളത്തം
മാഞ്ഞു മറഞ്ഞു യാതൊന്നാൽ'

ദേവിയുടെ കാരുണാവായ്പ് കാട്ടാന്റെ മനസ്സിൽപോലും തേങ്ങലുയർത്താൻ പര്യാപ്തമായിരുന്നു. കടന്നാക്രമിക്കുന്ന ക്രൂരന്മാരെ ആത്മാർഥമായി സ്നേഹിക്കാൻ അഹിംസയുറച്ചവന്നേ സാധിക്കൂ. ധീരന്റെ കരുത്തുററ ആയുധമാണ് അഹിംസ. അത് ഭീരുതയുടെ മൂടുപടമല്ലെന്നു മഹാത്മജി എത്രയോ തവണ പ്രസ്താവിച്ചിരിക്കുന്നു. ആയുധക്കൂമ്പാരവുമായി അലറിപ്പാഞ്ഞു വരുന്നവന്റെ ഹൃദയത്തിൽ സാരമായ പരിവർത്തനം വരുത്താൻ അതിനുമാത്രമേ കഴിവുള്ളൂ.

ഭാരതം യാഗശാലകളെക്കൊണ്ടുനിറഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. ദേവപ്രീതിക്കായി സാധുമൃഗങ്ങളെ അധ്വരങ്ങളിൽ ബലികൊടുത്തിരുന്നു. ഏറെക്കാലം ഇന്നാടുഭരിച്ച ബിംബിസാരചക്രവർത്തി ദീർഘനാൾ നീണ്ടുനിന്ന ഒരു മഹായാഗം നടത്തി. രാജ്യമെമ്പാടുനിന്നും ആടുകൾ കൂട്ടംകൂട്ടമായി അവിടേക്കു തെളിക്കപ്പെട്ടു. ബലിമൃഗങ്ങളെ എന്നും എത്തിക്കുന്ന ജോലി ഇടയനിൽ നിക്ഷിപ്തമായിരുന്നു. അനുഷ്ഠാനത്തിന്റെ അചഞ്ചലതയോടെ അയാൾ അതു നിവർത്തിച്ചും പോന്നു. ഒരു മുടന്തനായ ആട്ടിൻകുട്ടിയെ തോളിലേററി ആട്ടിൻപററത്തോടൊപ്പം യാഗശാലയിലെത്തിയ ഭഗവാൻ ബുദ്ധൻ യാഗം വിലക്കി. കൊടുക്കാൻ കഴിയാത്തത് എടുക്കരുതെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചത് ബിംബിസാരൻ ഉൾക്കൊണ്ടു. മരണവക്ത്രത്തിൽനിന്നു മോചിപ്പിക്കപ്പെട്ട ആട്ടിൻപററത്തിനുമാത്രമറിയുന്ന ആ കാര്യണ്യാതിരേകം സത്വോദ്രേകം കൊണ്ടു സംശുദ്ധമായ സഹൃദയ ഹൃദയങ്ങളിൽ സേചനം ചെയ്കയാണ് ഇവിടെ കവിയുടെ ലക്ഷ്യം. എന്തിന് ഈ പഴങ്കഥയെന്നല്ലേ? ഇത് ഒരു പഴങ്കഥ മാത്രമല്ല. എക്കാലത്തെയും കഥയാണ്. പ്രതികരിക്കാൻ ശേഷിയില്ലാത്ത സാധുക്കളുടെമേൽ അതിക്രമം കാട്ടുന്നത് മനുഷ്യവർഗ്ഗത്തിന്റെ തീരാശാപമായി മാറിയിരിക്കുന്നു. ശാസ്ത്രസാങ്കേതിക വിദ്യകൾ അതിന്റെ മുഷ്കരത വർധിപ്പിക്കാൻ മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ. ആടുകളും ഇടയനും ബിംബിസാരനുമെല്ലാം ഇവിടെ പ്രതീകങ്ങൾ മാത്രമാണ്. ക്രൗര്യത്തിന്റെ കൺമുന്നിലേക്കു തെളിക്കപ്പെടുമ്പോഴും മക്കൾക്കുവേണ്ടി തപിക്കുന്ന മാതൃത്വം മനുഷ്യമനസ്സിനെ തട്ടിയുണർത്തണം. ആർക്കും വീട്ടാനാകാത്ത കടമാണ് ഉറവവററാത്ത ആ വാത്സല്യം. ദയാവീരമുൾപ്പെടെ അസംഖ്യം ഭാവങ്ങൾ നിറകതിർ വീശുമ്പോൾ ആസ്വാദ്യമായിത്തീരുന്ന ധർമവീരം ഇതിലും ഹൃദ്യതയ്ക്കു നിദാനമായി നിൽക്കുന്നു.

'ആടിനെ, യിടയനെ, യരചനെ നീപെ-
ണ്ണാടേ, പെററു പല പേരെ;
നേടിയതെന്തപവർഗമിതേവരേ
നെടുതാം വീർപ്പുകളല്ലാതെ?'

വിപ്ലവം ഇന്നു പരക്കെ കാണുമ്പോലെ വെറും വായാടിത്തത്തിൽ ഒരുങ്ങാനുള്ളതല്ല. സൃഷ്ട്യുന്മുഖമായ കർമപരിപാടികളായി അതു വികസിക്കണം. അപ്പോൾ മാത്രമാണ് അത് സാർഥകമാകുന്നത്. നെടുനെടുങ്കൻ പ്രസംഗങ്ങൾക്കും ജലരേഖയായ് പരിണമിക്കുന്ന വാഗ്ദാനങ്ങൾക്കും സ്വസ്തി. സമൂഹത്തിനാവശ്യം പട്ടിണിമാററാൻ പ്രയോജനപ്പെടുന്ന തൊഴിലാണെന്ന് നേതൃമ്മന്യന്മാരുടെ മുഖത്തുനോക്കി ഇടശ്ശേരി പ്രഖ്യാപിച്ചു. അതിന്റെ ജ്വലിക്കുന്ന രേഖയാണ് 'ഋഷിയുടെ ധേനു' എന്ന കവിത. ഇവിടെ ഋഷി മഹാത്മജിയും ധേനു ചർക്കയുമാകുന്നു. വിലോഭനീയമായ വാ

ഗ്ദാനങ്ങളാൽ ജനമനസ്സുകളപഹരിക്കാൻ ഒരിക്കൽപോലും തയാറാകാത്ത കർമയോഗിയായിരുന്നു മഹാത്മജി. കരണീയം മാത്രം ചിന്തിക്കുകയും വിചാരിക്കുന്നത് പറയുകയും പറയുന്നതു പ്രവർത്തിക്കുകയും ചെയ്യുന്നതിൽ തീവ്രനിഷ്ഠാവാനായിരുന്നു അദ്ദേഹം. ഗാന്ധിജി പ്രചരിപ്പിച്ച ചർക്കയെന്ന ഉപകരണം ഈ മഹദാദർശങ്ങളെ പ്രതിനിധീകരിക്കുന്നു. അത്യന്തം ലളിതമെങ്കിലും ആർഷമായ ത്രികരണശുദ്ധിയുടെ പ്രതീകമായിരുന്നു അത്. അനേകായിരം കുടുംബങ്ങളുടെ പട്ടിണി മാററാൻ അതു കാമധേനുവായിത്തീർന്നു.

കവിതയ്ക്ക് അവിഷയമായി യാതൊന്നു ഈ പ്രപഞ്ചത്തിലില്ലെന്ന് 'ഋഷിയുടെ ധേനു' തെളിയിക്കുന്നു. കവിതയുടെ ലോകം ദൈംദിനമർത്യജീവിതസമസ്യകളിൽ നിന്നന്യമല്ലെന്നും രസനിഷ്ഠത കാവ്യത്തെ ജീവിതഗന്ധിയല്ലാതാക്കുന്നില്ലെന്നുംകൂടി ഈ കവിത തെളിയിക്കുന്നുണ്ട്. അലൗകികമായ വീരരസസ്പർശത്താൽ ജഡപദാർഥമായ ചർക്ക ചിന്തോദ്ദീപകവും അനുഭൂതിസാന്ദ്രവുമായി പരിണമിക്കുന്ന ജാലവിദ്യ ഇവിടെ കാണാം.

ഈ പ്രപഞ്ചത്തിൽ എന്തും കാലബദ്ധമാണ്. പദാർഥങ്ങളുടെയും ആശയങ്ങളുടെയും മൂല്യവും ഉപയോഗിതയും നിർണയിക്കുന്ന മൗലികശക്തിയാണ് കാലം. മൂല്യവത്തായതിനെ മൂല്യരഹിതമാക്കിത്തീർക്കുന്നതും കാലം തന്നെ. ഇന്നലെകളെ പ്രകാശപൂർണമാക്കിയ ഉദാത്താശയം ഇന്നു നിരുപയോഗിയും നാളെ അപകടകാരിയും ആയിത്തീരാം. അവയെ നിഷ്കരുണം പുറംതള്ളുകയാണു വേണ്ടത്. കാലഹരണപ്പെട്ട ആശയങ്ങളെ വെടിയാനും കാലോചിതമായവ കണ്ടെത്തി നടപ്പാക്കാനും ഉത്സാഹപൂർണമായ മനോനില ആവശ്യമാണ്. മനുഷ്യമനസ്സിന്റെ നിറയൗവനമാണത്. ' പൊട്ടി പുറത്ത് , ശീവോതി അകത്ത്' എന്ന കവിത ധർമോത്സാഹഭരിതമായ അത്തരം മാനസികാവസ്ഥയെ അഭിവ്യഞ്ജിപ്പിക്കുന്നു. കർക്കടസംക്രമത്തിന് ജ്യേഷ്ഠാഭഗവതിയെ ആട്ടിക്കളഞ്ഞ് വീട്ടിനുള്ളിൽ ശ്രീഭഗവതിയെ കുടിയിരുത്തുന്നത് കേരള ഗ്രാമങ്ങളിലെ പുരാതനമായ അനുഷ്ഠാനമാണ്. മാമൂലിന്റെയോ മറേറാ പേരിൽ കാലഹരണപ്പെട്ട സിദ്ധാന്തങ്ങളിൽ കടിച്ചുതൂങ്ങാതെ പുതിയവ ആ വിധം വരിക്കുന്നതിനോടാണു കവിക്കു താല്പര്യം.

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം.'

തന്റെ നാടിന്റെ ഭാവി ശോഭനമാണെന്ന കാര്യത്തിൽ കവിക്കു സംശയമേ ഇല്ല. എന്തെന്നാൽ അതിനു ശിവോതിയെ വരിക്കാൻ സവിശേഷമായ പാടവം തന്നെയുണ്ട്. ഈ കവിതയിൽ യുദ്ധവീരം പോലും ധർമവീരത്തിന് അംഗമായിനിൽക്കുന്നു.

'മുററത്തിനൻ പെരുമ്പായ
വിരിച്ചു; തൊട്ടവീട്ടുകാർ
ഉണക്കുന്നു വെടിമരു-
ന്നെന്തേ, ഞാൻ നെല്ലുചിക്കണോ?'

പഞ്ചശീലം ഉത്തമമായ ആശയമാണെന്നതിനു തർക്കമില്ല. പക്ഷേ, കടന്നാക്രമിക്കാനുള്ള മറയായി അയൽക്കാരൻ അതിനെ ദുർവിനിയോഗം ചെയ്യുമ്പോൾ പഞ്ചശീലം വലിച്ചെറിഞ്ഞ് ആയുധമണിയുകതന്നെ വേണ്ടിവരും. ചീനരുടെ ആക്രമണപശ്ചാത്തലത്തിലെഴുതിയ ഈ വരികളെ ശാശ്വതീകരിക്കുന്നത് അംഗിയായ വീരരസമാകുന്നു.

ദൈനംദിന ജീവിതപ്രശ്നങ്ങളോടുള്ള സമീപനം എങ്ങനെയാകണമെന്നതിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ ഇന്നും നിലവിലുണ്ട്. ലക്ഷ്യം പോലെ തന്നെ മാർഗവും ശുദ്ധമായിരിക്കണമെന്ന് അഹിംസാവാദികൾ നിർബന്ധിക്കുന്നു. അതു ബഹുമാന്യം തന്നെയെങ്കിലും ഇന്നത്തെ കലങ്ങിമറിഞ്ഞ അന്തരീക്ഷത്തിൽ മാർഗശുദ്ധി പരിപാലനം പലപ്പോഴും പ്രായോഗികമായെന്നു വരുകയില്ല. അതിലുള്ള വ്യഗ്രത ലക്ഷ്യത്തെ ദുഷ്പ്രാപ്യമോ അപ്രാപ്യമോ വിനഷ്ടമോ ആക്കിത്തീർക്കും. അത്തരം സന്ദർഭങ്ങളിൽ മാർഗമേതായാലും തെററല്ല എന്നാണു കവിയുടെ പക്ഷം.

'അരിയില്ല, തിരിയില്ല. ദുരിതമാണെന്നാലും
നരിതിന്നാൽ നന്നോ മനുഷ്യന്മാരെ!'

'ബുദ്ധനും ഞാനും നരിയും' എന്ന ഈ കവിതയിലെ കൽപ്പനയേക്കാൾ പച്ചയായ സംഭവങ്ങൾ ദൈനംദിന ജീവിതത്തിൽ ധാരാളമുണ്ട്. വലിയ വലിയ ആശയങ്ങളെ പ്രത്യക്ഷരം പ്രായോഗികമാക്കാൻ നേതാക്കന്മാർ ചെയ്യുന്ന പാഴ്ശ്രമങ്ങളുടെ നേർക്ക് കവി മനസ്സിൽ തോന്നിയ അവജ്ഞാമിശ്രിതമായ ചിരിയാണ് ഇതിനു പിന്നിലെ പ്രേരണ. യുദ്ധവീരം അതിന്റെ അന്തശ്ചൈതന്യവും. മക്കൾ വിശന്നുചത്തു പോകാതിരിക്കാനായി ബുദ്ധപ്രതിമ മറിച്ചിട്ടു നരിയെ കൊന്ന് അരിയുമായി വീട്ടിലെത്തിയ ഒരുവന്റെ കഥയാണിത്. അപകടം പതിയിരിക്കുന്ന ജീവിതയാത്രയിൽ അഹിംസ എപ്പോഴും

വിലപ്പോവുകയില്ല. ഹിംസയെ വെറുക്കുന്നവന്റെ വേരുപോലും അവിശേഷിക്കുകയില്ലെന്ന സാഹചര്യം വന്നാൽ ആത്മരക്ഷയ്ക്കായി ഹിംസയുടെ മാർഗം കൈക്കൊള്ളുന്നതു തെററല്ല. അംഹിസാമൂർത്തിയായ ബുദ്ധന്റെ പ്രതിമകൾ പോലും ഡൈനമിററുവച്ചു തകർക്കപ്പെടുന്ന ആസുരതയുടെ മുന്നിൽ അഹിംസാ ദർശനം അപ്രായോഗികമാണ്. അഹിംസയെ ആദർശമായിക്കാണുന്നവന്റെ വംശം ഈ മണ്ണിൽ അന്യംനിന്നു പോയാൽ അഹിംസയെന്ന വാക്കുപോലും കേൾക്കാനുണ്ടാവുകയില്ല. യുദ്ധവീരം ധർമവീരത്തിന് അകമ്പടിയായുണ്ടാകണമെന്നാണു കവിപക്ഷം. ധർമത്തിന്റെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടുമ്പോൾ വിശേഷിച്ചും.

യുദ്ധവീരം കവിക്കു ലക്ഷ്യമല്ല, മാർഗം മാത്രമാണ്. അതും അനിവാര്യമായ സന്ദർഭങ്ങളിൽ ആപദ്ധർമമെന്നോണം മാത്രം. ധർമവീരമാണുപരമലക്ഷ്യം. അതിന്റെ മഹത്വം എത്ര പാടിയാലും ഇടശ്ശേരിക്കു മതിയാവുകയില്ല. ധർമവീരത്തിന് ഏതു കഠോര ഹൃദയത്തെയും വശീകരിക്കാനുള്ള കെൽപ്പുണ്ടെന്നു അദ്ദേഹം കരുതുന്നു. ധർമവിരോജ്വലമായ ഒരു മാതൃഹൃദയം കോപാകുലയായ ഭദ്രകാളിയെ ശാന്തയാക്കിത്തീർത്ത കഥ ഇടശ്ശേരിക്കു പറയാനുണ്ട്. അതാണു ‘കാവിലെപ്പാട്ട്’. സൃഷ്ടി സ്ഥിതി സംഹാരകാരിണിയായ ദേവി ഒരേസമയം അനുഗ്രഹദായിനിയും സംഹാരദുർഗയുമാണ്. ഭക്തന്റെ നന്മയിൽ സംപ്രീതയായി ഇഷ്ടവരങ്ങൾ ദാനം ചെയ്യുന്ന ഭദ്രതന്നെ മനുഷ്യന്റെ തെററുകളിൽ കോപിച്ച് അവനെ ശിക്ഷിക്കുന്നു. പലപ്പോഴും ക്രൂരമായിത്തന്നെ ശിക്ഷിക്കുന്നു. ക്രോധമൂർത്തിയായ അംബികയുടെ ക്രൗര്യം കോടിക്കോടി പ്രപഞ്ചത്തിനു കുളിർതണലായ് മാറിയതിനു പിന്നിൽ ഒരു കഥയുണ്ട്. പലപല കൈവഴികളായി ഇടശ്ശേരിയുടെ മനസ്സിൽ ഒന്നുചേർന്ന നാട്ടറിവുകൾ ഉരുകിത്തിളച്ചു പതംവന്ന അലൗകിക കഥ. മക്കളെയുറക്കാൻ ശാന്തനിശീഥങ്ങളിൽ അമ്മമാർക്കു പറയാനുള്ള കഥയാണിത്.

മനുഷ്യന്റെ തെററുകളിൽ ക്രുദ്ധയായ ദേവി കലികയറി വിറച്ചുകൊണ്ടു കാവകത്തു നിൽക്കുന്ന നേരം. തൊട്ടടുത്ത തറവാട്ടിലെ സുകൃതപൂരമായി കാഞ്ചനപ്രതിമയൊത്ത ഒരു കുമാരൻ കച്ചകെട്ടിക്കളികഴിഞ്ഞു അതുവഴി മടങ്ങിവന്നു. കഠിനരോഷംമൂലം പൂക്കുലപോലെ വിറയ്ക്കുന്ന അംബിക ചോര വീഴ്ത്തി തന്റെ ക്രൂരദാഹം പോക്കുകെന്ന് അവനോട് അരുളിചെയ്തു. അസുരന്മാരെപ്പോലെ ദേവിയെ ആക്രമിക്കാൻ അവൻ പുറപ്പെട്ടില്ല. ഭീരുവെപ്പോലെ ഓടിയുമില്ല. വീരനായ ആ മാനുഷകുമാരൻ പുഞ്ചിരിതൂകിക്കൊണ്ട് കാവിലെ കുളത്തിൽ മുങ്ങിക്കുളിച്ചു മടങ്ങിയെത്തി ഭൂമി വന്ദിച്ച് കളരിപാരമ്പര്യപ്രകാരം ഏഴടിപിന്നാക്കമിട്ട് ഏഴടികുതിച്ച് വാളിനെ താണുതൊഴുത് ദേവിയെ ഏഴുവലംവച്ച് സ്തുതിച്ച് മുന്നിലായി ചമ്രം പടിഞ്ഞിരുന്നു. ദേവിയുടെ ദാഹം തീർക്കാൻ സ്വന്തം കഴുത്തു ഇളമുളപോലെ വെട്ടി. ചോലവെള്ളം പോലെ രക്തം കുതിച്ചുചാടുന്നതു കണ്ടിട്ടും ദേവി വിളറിയില്ല. സംഭ്രമിച്ചില്ല. പാരിടത്തിനു നേർക്കുയർന്ന ഉഗ്രരോഷം തണുത്തതുമില്ല. തൊട്ടടുത്ത വീട്ടിൽ പെററമ്മ പൊടിയരിച്ചോറുവച്ച്, നെയ്യൊഴിച്ച് സ്നിഗ്ധമാക്കി, പല കറികളൊരുക്കിവച്ച് തന്മകൻ ഉണ്ണാൻ വരുന്നതും കാത്തിരിക്കുകയായിരുന്നു. സന്ധ്യയായിട്ടും മകനെ കാണാഞ്ഞ് തേടിയിറങ്ങിയ അമ്മ കൊലക്കളത്തിൽ കോപം തണുക്കാതെ നിൽക്കുന്ന ദേവിയുടെ മുന്നിലെത്തി കാര്യങ്ങൾ മനസ്സിലാക്കി. മകന്റെ ബലിദാനത്തിൽ ഒട്ടും തളർന്നില്ല. കരഞ്ഞില്ല. ദേവിയോടു കയർത്തുമില്ല. പകരം ആ മാതാവ് അംബികയോട് പറഞ്ഞു–

‘ഏഴുകൊല്ലം നോൽമ്പെടുത്തു
താലികെട്ടി ഞാൻ പി–
ന്നേഴുകൊല്ലം നോൽമ്പെടുത്തു
ഞാനവനെപ്പെററു
ഏഴുകൊല്ലം പാൽകൊടുത്തെൻ
മാറവനെപ്പോററീ...

ആ യുവാവിന്റെ യുദ്ധവീരത്തിനും ആത്മബലിക്കുപോലും ശമിപ്പിക്കാനാവാത്ത ദേവിയുടെ കോപം ആ മാതാവിന്റെ യുദ്ധവീരാനുപ്രാണീതമായ ധർമവീരത്തിനുമുന്നിൽ മഞ്ഞുപോലുറഞ്ഞു. ജഗദംബികയുടെ മാതൃഭാവത്തെ തട്ടിയുണർത്താൻ വേണ്ടുന്ന ശേഷി അതിനേ ഉണ്ടായുള്ളു. അന്നുമുതൽ മനുഷ്യന്റെ ദുർനയത്തിനുനേരെ ദേവിയുടെ വാളുയർന്നാലും മാനവന്റെ ഗളത്തിൽ പതിക്കാറില്ല. പകരം ദേവിയുടെ നെറുകയിലേ വീഴാറുള്ളൂ. കേരളസംസ്കാരത്തിന്റെ ഭാവോജ്വലമായ ഒരു തലത്തെ ഈ കവിത സ്പഷ്ടമാക്കുന്നു.

‘അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ’

പാടം ഉഴുതുമറിച്ച് കോമൻ പൊന്നാര്യൻ വിതച്ചു. പൊള്ളുന്ന വെയിലറിയാതെ അധ്വാനിച്ചു കളപറിച്ചു വളമിട്ടു. വെയിലിനു പിന്നാലെ എത്തിയ പൊറുതികെടുത്തുന്ന പേമാരി പെയ്തൊഴിഞ്ഞപ്പോൾ വയൽ കതിരണിഞ്ഞു. കോമന്റെ മനസ്സ് കുളിരണിഞ്ഞു. കൊച്ചുമകൾക്കു കുഞ്ഞുടുപ്പ്, മൂത്തവൾക്കു താലി, മകനു മൂന്നുമാസത്തെ ഫീസ്, വീട്ടുകാരിക്ക് പുത്തരിക്കുള്ള കലം, കോമന്റെ

കുടുംബം കണക്കുകൂട്ടി. പക്ഷേ, സ്വപ്നങ്ങളെല്ലാം തകിടംമറിച്ചുകൊണ്ട് കോടതി ആമീനും ആൾക്കാരുമെത്തി പൊന്നാര്യൻ കൊയ്തു. ജന്മിക്കു ചെല്ലേണ്ട പാട്ടബാക്കിക്കായുള്ള ജപ്തി നടപടി.

'കൊയ്യില്ലീവിള മററാരും' ചെറു-
കോമനിറങ്ങി കണ്ടത്തിൽ
മപ്പുംതാക്കി ത്തീപ്പുലിപോലെ
ചീററിയടുത്തു ചാത്തപ്പൻ'

കൽപ്പനയുണ്ട് കളിക്കേണ്ടെന്ന് കടലാസുനിവർത്തിക്കാട്ടി ആമീൻ മുന്നറിയിപ്പു നൽകി. വിത്തുവിതച്ചോൻ നോക്കിനിൽക്കെ ജന്മിത്തം കൊയ്ത്തു നടത്തി.

അധികാരത്തിന്റെ തണൽപ്പററി ഒരുപിടി കൊള്ളക്കാർ നടത്തിയ അക്രമത്തിനുനേരെ ശക്തിയായ പ്രതിഷേധമിരമ്പി. പക്ഷേ, അതു വയൽ വരമ്പിൽ കാട്ടാനുള്ള പേശിബലമില്ല. അടിച്ചമർത്തപ്പെട്ട ജനസമൂഹത്തിന് അതുകൊണ്ട് യാതൊരു ഫലവുമില്ല. അധികാരം ആദ്യം കൊയ്യണം പൊന്നാര്യൻ പിന്നീടാകട്ടെ എന്ന തിരിച്ചറിവാണ് ഈ ഘട്ടത്തിൽ സുപ്രധാനം. അതിനായുതകുന്ന കർമപരിപാടികളാണു കരണീയം. അക്രമികൾ അധികാരികൾ തന്നെയാകുമ്പോൾ അധികാരം പിടിച്ചെടുക്കുകയേ അധർമനിവാരണത്തിനു മാർഗമായുള്ളൂ. പ്രശ്നങ്ങളുടെ നാരായവേരും കണ്ടെത്തിക്കഴിഞ്ഞതിന്റെ പരിണതഫലമാണ് ഈ നിശ്ചയം. ധീരന്റെ സന്ദേശമാണത്. യുദ്ധവീരന്റെ സന്ദേശം, അതാണു 'പുത്തൻ കലവും അരിവാളു'മെന്ന കവിതയെ അവിസ്മരണീയമാക്കുന്നത്.

യുദ്ധവീരം നുരയുന്ന വേറൊരു കവിതയുണ്ട്; 'പണിമുടക്കം'. പുത്തൻകലവും അരിവാളുമെന്ന കവിതയുടെ സന്ദേശത്തെ തീക്ഷ്ണതകൊണ്ടും ഗൗരവം കൊണ്ടും അത് അതിശയിക്കുന്നു. മനുഷ്യമനസ്സിനെ തീരാശോകത്തിന്റെ നീർക്കയത്തിലേക്കു വലിച്ചെറിയാൻ പോന്ന സാഹചര്യങ്ങളെല്ലാമൊരുങ്ങിയിട്ടും ദൗർബല്യങ്ങൾക്കു വഴങ്ങാത്ത പ്രാതികൂല്യങ്ങളോടു സന്ധിയില്ലാത്ത സമരത്തിനിറങ്ങുന്ന മാനസികാവസ്ഥയാണ് അതിലെ പ്രതിപാദ്യം. എതിർപ്പുകൾക്കു കീഴടങ്ങിയും വിലപിച്ചും സമൂഹത്തെയും വ്യവസ്ഥിതിയെയും പഴിപറഞ്ഞും കാലം കളയാതെ കർത്തവ്യത്തിന്റെ വിദ്യുൻമേഘലകളിലേക്കു കുതിച്ചേറാൻ വേണ്ടുന്ന കർമശേഷി അതുപകരുന്നു.

'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ'

എന്നതാണ് ഇടശ്ശേരിക്കവിതകളുടെ മൂലമന്ത്രം.

വസ്തുത്തർക്കങ്ങളിൽ ഒരു മാദ്ധ്യസ്ഥനെന്ന നിലയിൽ ജോലിചെയ്തിരുന്ന ഇടശ്ശേരി ഗോവിന്ദൻ നായർക്ക് പലപ്പോഴും സാക്ഷിയാകേണ്ടി വന്ന ദുരിതമാണ് കുടിയിറക്കൽ. പിറന്ന മണ്ണിൽനിന്നു കുടിയിറക്കപ്പെടുന്ന പാവങ്ങളുടെ വേദന കവിമനസ്സിൽ ഘനീഭവിച്ച് ഒരു കവിതയുടെ രൂപം പൂണ്ടു. അതിന്റെ പേരും 'കുടിയിറക്കൽ എന്നായതു സ്വാഭാവികം. ചവിട്ടിനിൽക്കാനുള്ള മണ്ണുപോലും സ്വന്തമായില്ലാത്ത പാവങ്ങൾ കേരളത്തിന്റെ സാമൂഹിക സമസ്യകളിലൊന്നാണ്. അതിന്റെ വ്യാപ്തി കേരളത്തിൽ മാത്രമായൊതുങ്ങുന്നില്ല. ഇന്ത്യയിലും ഇംഗ്ലണ്ടിലും ആഫ്രിക്കയിലുമെന്നല്ല ലോകത്തെമ്പാടും ഇത്തരക്കാർ ഏറെയുണ്ട്.

'കുടിയിറക്കപ്പെടും കൂട്ടരേ, പറയുവിൻ
പറയുവിൻ – ഏതു രാഷ്ട്രക്കാർ നിങ്ങൾ?
പ്രസവിച്ചതിന്ത്യയായ്, പ്രസവിച്ചതിംഗ്ലണ്ടായ്
പ്രസവിച്ചതാഫ്രിക്കൻ വൻകരയായ്
അതിലെന്തുണ്ടാർക്കാനുമുടമയില്ലാത്ത ഭൂ-
പടമേലും പാഴ്വരയ്ക്കർഥമുണ്ടോ?'

കുടിയിറക്കപ്പെടുന്നവരുടെ ദൈന്യം ഉരുകിത്തിളച്ച് അമർഷമായി അമർഷം ക്രോധമായി വളർന്ന് പ്രതിഷേധത്തിന്റെ പരകാഷ്ഠയിൽ സ്വരാജ്യ സ്ഥാപനത്തിനായുള്ള കരുത്തിന്റെ തീവ്രനിശ്ചയമായി പരിണമിക്കുന്നു.

'എവിടെവിടങ്ങളിച്ചട്ടി പുറത്തെടു-
ത്തെറിയപ്പെടുന്നുണ്ടിപ്പാരിടത്തിൽ,
അവിടവിടങ്ങളെച്ചേർത്തുവരയ്ക്കുകൊ-
ന്നിവരുടെ രാഷ്ട്രത്തിന്നതിർ വരകൾ.'

ദുഃഖദൈന്യങ്ങളുടെ ഏതു കൂരിരുളിലും സൂര്യതേജസ്സായ് കത്തിപ്പടരുന്ന വീരതയാണു മനുഷ്യജന്മത്തെ ജീവിതവ്യമാക്കിമാററുന്നത്. ഇടശ്ശേരിക്കവിതകളുടെ മൗലികസ്വഭാവവും ഇതുതന്നെ.

ഉജ്വലമായ വീരരസത്തോടുമാത്രമല്ല ഇടശ്ശേരിക്കു പ്രിയം. ജീവിതത്തിലെ കോമളഭാവങ്ങളായ ശൃംഗാര കരുണങ്ങളും അദ്ദേഹത്തിന് ഇഷ്ടം തന്നെ. പലപ്പോഴും അവ ഇടശ്ശേരി കൃതികളിൽ കടന്നുവരുന്നത് വീരത്തിന് അംഗമായാണ്. എന്നാൽ, ചിലപ്പോഴെങ്കിലും അവ അംഗിയായി പ്രത്യക്ഷപ്പെടുന്നതും കാണാം. ആർദ്രമായ വിപ്രലംഭശൃംഗാരത്തിന്റെ പ്രസ്ഫുടാവിഷ്കരണമാണ് 'ഒരു

ഗന്ധർവൻ പാടുന്നു' എന്ന കവിത. മററാരുമറിയാതെ ഒരു പെൺകുട്ടിയെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചു പൂജകഴിച്ചെങ്കിലും വിവാഹം കഴിക്കാനാകാതെ പോയ ഒരു കാമുകന്റെ ആതുരമായ വിതുമ്പലുകളാണത്.

ശൃംഗരത്തെക്കാൾ ഹൃദയദ്രവീകരണശേഷി കൂടും കരുണത്തിന്. 'പെങ്ങൾ' എന്ന കവിതയ്ക്ക് മനസ്സിനെ ആർദ്രമാക്കാനുള്ള ശേഷിയുണ്ട്. അനുജനുവേണ്ടി ജീവിതസുഖങ്ങളെല്ലാം ത്യജിച്ച് തന്നെപ്പോലും നഷ്ടപ്പെടുത്തിയ ഒരു പെങ്ങളുടെ കദനകഥയാണ് ഈ കവിത. ആർക്കുവേണ്ടിയാണോ അവൾ തന്നെപ്പോലും വെടിഞ്ഞത് ആ അനുജനിൽനിന്നാണ് ഭീകരമായ നിരാശയുണ്ടായതെന്ന വസ്തുത ദുഃഖത്തെ പലമടങ്ങു വർധിപ്പിക്കുന്നു. അകാലത്തിൽ കണ്ണടച്ച അമ്മയുടെ മാറത്തുനിന്ന് തൊണ്ണൂറു തികയാത്ത അനുജനെ എടുത്തുതോളിലിടുമ്പോൾ അവൾക്ക് അഞ്ചുവയസ്സുമാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വന്തമെന്നു പറയാൻ വീടോ ബന്ധുക്കളോ ഇല്ലാതിരുന്ന ആ ബാല്യത്തിൽ അവൾ അവനെ പിച്ചതെണ്ടിവളർത്തി. യൗവനോദയത്തിൽ ഒരു കമിതാവ് ജീവിതത്തിലേക്കു കടന്നുവന്നപ്പോൾ അനുജന്റെ സന്തോഷത്തിനായി അവൾ ആ പ്രണയബന്ധമുപേക്ഷിച്ചു. വർഷങ്ങൾ കടന്നുപോയി. അനുജനെ പറിപ്പിക്കാൻ അവൾക്കു സ്വജീവിതം ഹോമിക്കേണ്ടി വന്നു. പക്ഷേ, അക്കഥയറിഞ്ഞപ്പോൾ അവളുടെ പ്രതീക്ഷകൾക്കു വിപരീതമായി അവന്റെ അഭിമാനം ജ്വലിച്ചു.

'വയ്യ മാപ്പുതരാനെൻ കുട്ടനു,
ഞാനപരാധിനി, തേങ്ങീ പെങ്ങൾ
......................
ആയുവമാന്യനുയർത്തീലാ മുഖ-
മിളകീലാ തൽക്കൈകൾ വിലക്കാൻ'

മനുഷ്യന്റെ നന്ദികേടും കൊടിയ ക്രൗര്യവും സാധുജീവിതങ്ങളുടെമേൽ നടത്തുന്ന അതിക്രമം ആരെയും വേദനിപ്പിക്കണം. അതുവരെ തന്റെ എല്ലാമെല്ലാമെന്നു കരുതിയിരുന്ന അനുജൻ തിരസ്കരിച്ചപ്പോൾ എങ്ങോട്ടെന്നില്ലാതെ വീടുവിട്ടിറങ്ങിപ്പോകേണ്ടിവന്ന അശരണയായ ആ ത്യാഗമൂർത്തിയുടെ ദർശനം ആരിലാണ് കരുണരസാനുഭവമുളവാക്കാത്തത്?

കോമളമായ വേറൊരു ഭാവമാണ് വാത്സല്യം. രതിയെന്ന സ്ഥായിഭാവത്തിൽനിന്ന് നിഷ്പന്നമാകുന്നതാണത്. ആലംബനം സന്താനങ്ങളോ ശിഷ്യന്മാരോ ഒക്കെ ആയിത്തീരുമ്പോൾ രതി വാത്സല്യമായിപ്പരിണമിക്കുന്നു. അപ്പോൾ അതു സ്ഥായിയല്ല. വ്യഭിചാരി മാത്രമായിരിക്കും. അതുകൊണ്ടു വാത്സല്യം രസപദവിയിലെത്തുന്നില്ല. വാത്സല്യഭാവത്തിന്റെ ഹൃദ്യമായ ആവിഷ്കരണത്താൽ ധന്യമായ അനേകം കവിതകൾ ഇടശ്ശേരിയുടേതായിട്ടുണ്ട്. 'പള്ളിക്കൂടത്തിലേക്കു വീണ്ടും', 'പൂതപ്പാട്ട്' മുതലായവ അക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. ആററിൻവക്കത്തെ മാളികവീട്ടിൽ ആററുനോററ് ഒരു ഉണ്ണി പിറന്നു.

'ഉണ്ണിക്കരയിലെ കിങ്ങിണി പൊന്നു കൊ-
ണ്ടുണ്ണിക്കുകാതിൽക്കുടക്കടുക്കൻ
പാപ്പകൊടുക്കുന്നു പാലുകൊടുക്കുന്നു
പാവകൊടുക്കുന്നു നങ്ങേലി'

അങ്ങനെ കണ്ണിനുകണ്ണായ് വളർത്തിയെടുത്ത ഉണ്ണിയെ തട്ടിയെടുക്കാൻ പൂതം ശ്രമിക്കുന്നതും അമ്മയുടെ നിഷ്ഠയ്ക്കുമുന്നിൽ മുട്ടുമടക്കി ഉണ്ണിയെ തിരികെ ഏൽപ്പിക്കുന്നതും എല്ലാക്കൊല്ലവും മകരക്കൊയ്ത്തു കഴിഞ്ഞാൽ തനിക്കു പ്രിയപ്പെട്ട ആ ഉണ്ണിയെ ഒരുനോക്കു കാണാൻ വീടുകൾ തോറും പൂതം കയറിയിറങ്ങുന്നതുമാണ് പൂതപ്പാട്ടിലെ പ്രതിപാദ്യം. മുത്തശ്ശിക്കഥയുടെ ആർജവം തുളുമ്പുന്ന ഈ സങ്കല്പം പരിധിയില്ലാത്ത മാതൃവാത്സല്യം അനുഭവപ്പെടുത്തുന്നു. പൂതപ്പാട്ട് ശ്രദ്ധേയമായിത്തീർന്നതിനു ഹേതുവും വേറൊന്നല്ല.

രതിയുടെ ആലംബനം ദേവാദികളോ മാതാപിതാക്കളോ ഗുരുവോ ആയിത്തീരുമ്പോൾ അതിനുഭക്തിയെന്നുപേർ. ഇതിലും രതിക്കു സ്ഥായിത്വമില്ല. അതിനാൽ വാത്സല്യത്തെപ്പോലെ ഭക്തിയും രസപദവി പുൽകാതെ ഭാവം മാത്രമായിത്തീരുന്നു. 'ഹനുമൽസേവ തുഞ്ചൻപറമ്പിലെ'ന്ന കവിതയുടെ ഹൃദ്യതയ്ക്കാസ്പദം സാന്ദ്രമായ ഭക്തിഭാവമാണ്. ഹനുമാന്റെ വീരകഥകളുടെ അനുസ്മരണം ഭക്തിയെ പ്രോജ്ജ്വലിപ്പിക്കുന്നു.

'അഞ്ജന പെററുണ്ടായ ശക്തിപുഞ്ജമേ, നിന്റെ
കുഞ്ഞിക്കണ്ണിനു കൂരിപ്പഴമോ ബാലാദിത്യൻ,
നീ ജഗൽപ്രാണന്റെയും പ്രാണങ്ങളെന്നോ ലോക-
തേജസ്സിൽ നിന്നോ നേടിക്കൊണ്ടതക്ഷരശാസ്ത്രം?'

കവിനിഷ്ഠമായ ഭക്തിയുടെ ലക്ഷ്യം സാധാരണ മററുള്ളവർ ആഗ്രഹിക്കുംപോലെ സ്വർഗാദികളല്ല. സേവനകർമോജ്ജ്വലമായ ഹനുമജ്ജീവിതം പോലെ സേവനപരിപാടികളാൽ ധന്യമായൊരു ജീവിതമാണ് കവിക്കുപ്രിയം. ലക്ഷ്യം ഭോഗമല്ല ത്യാഗമാണെന്നു ചുരുക്കം. കവിയുടെ ജീവിതദർശനം

രസശിൽപ്പത്തെ രൂപപ്പെടുത്തുന്നത് ഇവിടെയെല്ലാം നമുക്കുകാണാം.

സർവരസങ്ങളുടെയും രാജാവാണ് ശാന്തം. എങ്കിലും അതെടുത്തു കൈകാര്യം ചെയ്തവരുടെ സംഖ്യ പരിമിതമാണ്. വ്യാസനെപ്പോലുള്ള മഹാപ്രതിഭകൾ മാത്രമേ പ്രബന്ധവ്യാപകമായി ശാന്തം പ്രയോഗിക്കാൻ ധൈര്യം കാട്ടിയിട്ടുള്ളൂ. തന്റെ സാഹിത്യപരിശ്രമ മേഖലകളിൽ ശാന്തത്തെയും കൂട്ടാൻ ഇടശ്ശേരി മറന്നില്ല. കടത്തുതോണി, കന്യാകുമാരിയിൽ എന്നീ കവിതകളുടെ അംഗിയാണ് ശാന്തരസം. ജീവിതത്തിൽ ചെയ്യാനുള്ളതെല്ലാം ചെയ്തുതീർത്ത് തൃപ്തനായ ആ മനുഷ്യൻ അന്ത്യനിമിഷങ്ങളെ സമചിത്തതയോടെ ആഭിമുഖീകരിക്കുന്നതാണ് കടത്തുതോണിയിലെ വിഷയം. എന്നാൽ, കന്യാകുമാരിയിൽ എന്ന കവിത കൂടുതൽ ദർശനപരമാണ്. ദേവിയുടെ തിരുമുമ്പിൽ നിൽക്കുമ്പോൾ ലഭിക്കുന്ന അലൗകികമായ അനുഭൂതിയാണ് ഇവിടെ ശാന്തരസാനുഭവത്തിനു നിദാനം. രസത്തിന്റെ അലൗകീക ദീപ്തിയാൽ താൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ അനുഭവയാഥാർഥ്യങ്ങളെ ഇടശ്ശേരി ശാശ്വതമാക്കി.